**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5658** **13-08-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ നടപ്പിലാക്കുമ്പോഴുള്ള പോരായ്മകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ നടപ്പിലാക്കുമ്പോൾ നിലവിലുള്ള അടിസ്ഥാന സംവിധാനങ്ങളുടെ പോരായ്മ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ജീവനക്കാരുടെ ലഭ്യത, പുനർവിന്യാസം, ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത തുടങ്ങിയവ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ച് പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജല ജീവൻ പദ്ധതിയുടെ ഭാഗമായുള്ള സപ്പോർട്ട് ആക്ടിവിറ്റീസ് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നിർവഹണതലത്തിൽ ആവശ്യമുള്ള വോളണ്ടിയർമാരെ താൽക്കാലികമായി നിയമിച്ചും പദ്ധതിനിർവഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ ഓഫീസുകളിലെ അത്യാവശ്യം വേണ്ടുന്ന കമ്പ്യൂട്ടറും അനുബന്ധ ഘടകങ്ങളും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നവീകരിക്കുന്നതിനും സപ്പോർട്ട് ആക്ടിവിറ്റീസിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | ജലജീവൻ മിഷൻ നടപ്പിലാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുന്ന ബാധ്യതകളെക്കുറിച്ചുള്ള ആശങ്കകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (ബി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളുടെ ആശങ്കകൾ പരിഹരിക്കു ന്നതിനായി, പദ്ധതിയുടെ മിഷൻ ഡയറക്ടർ ആയ കേരള വാട്ടർ അതോറിറ്റി മാനേജിങ്ങ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറുമായി ചർച്ചകൾ നടത്തുകയുണ്ടായി . പദ്ധതിയുടെ മാർഗ്ഗരേഖ ഉൾപ്പെടുത്തിയ കൈപ്പുസ്തകം എല്ലാ പഞ്ചായത്തുകളിലും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ആശങ്കകൾ പരിഹരിക്കു ന്നതിനായി, പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും, പദ്ധതിയെ പറ്റിയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് വിവിധ പരിശീലന പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ കേരള വാട്ടർ അതോറിറ്റി ട്രെയിനിങ്ങ് സെന്റർ, ജലനിധി, കില തുടങ്ങിയ സ്ഥാപനങ്ങൾ വഴി തുടർന്നും നടത്തി വരുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളെ സഹായിക്കുവാനായി നിർവ്വഹണ സഹായ ഏജൻസികളെയും തിരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ